# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2381 — 09.03.2018 -ലെ മറുപടി

**പ്ലാച്ചിമട സ്പെഷ്യൽ ട്രൈബ്യൂണൽ ബിൽ**

| ചോദ്യം<br>ശ്രീ.കെ.എസ്.ശബരീനാഥൻ | | മറുപടി<br>മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
|---|---|---|---|
| എ) | കേരള നിയമസഭ പാസ്സാക്കിയ പ്ലാച്ചിമട സ്പെഷ്യൽ ട്രൈബ്യൂണൽ ബില്ലിന് രാഷ്ട്രപതി അനുമതി നിഷേധിച്ചതിന് കാരണം എന്താണെന്ന് അറിയിക്കുമോ; | എ) യും ബി) യും | 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്ടിൽ വിഭാവനം ചെയ്തിട്ടുള്ള നിയമവുമായി 'The Plachimada Coca-Cola Victims Relief and Compensation Claims Special Tribunal Bill, 2011'-ലെ വ്യവസ്ഥകൾ പൊരുത്തപ്പെടുന്നില്ലെന്നും മറ്റും ചൂണ്ടിക്കാട്ടി ബിൽ പിൻവലിക്കുവാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിർദ്ദേശിക്കുകയും തുടർന്ന് ബിൽ മടക്കി അയക്കുകയും ചെയ്തിരുന്നു. ഇത്തരത്തിൽ തിരികെ അയച്ചതിലെ ന്യൂനതകൾ ചൂണ്ടിക്കാട്ടി പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി വീണ്ടും അയക്കുകയുണ്ടായി. എന്നാൽ ബില്ലിൽ "I withhold assent from this Bill" എന്ന് രേഖപ്പെടുത്തി ബഹുമാനപ്പെട്ട രാഷ്ട്രപതി പ്രസ്തുത ബിൽ തിരികെ അയക്കുകയായിരുന്നു. പ്രസ്തുത സാഹചര്യത്തിൽ പ്ലാച്ചിമടയിൽ നാശനഷ്ടങ്ങൾക്കിരയായവർക്ക് എപ്രകാരം നഷ്ടപരിഹാരം ലഭ്യമാക്കാൻ കഴിയുമെന്നതിന്റെ നിയമവശങ്ങൾ സർക്കാർ അഡ്വക്കേറ്റ് ജനറലുമായി ചേർന്ന് വിശദമായി പരിശോധിച്ചു വരികയാണ്. |
| ബി) | ബില്ലിന് രാഷ്ട്രപതി അനുമതി നിഷേധിച്ച സാഹചര്യത്തിൽ പ്ലാച്ചിമട കൊക്കോകോള കമ്പനിയുടെ ജലചൂഷണത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം നേടിക്കൊടുക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുവാനാണ് ആലോചിക്കുന്നത്; | | |
| സി) | ഇക്കാര്യത്തിനായി ഒരു പുതിയ നിയമനിർമ്മാണം കൊണ്ടു വരുന്നതിന് ആലോചനയുണ്ടോ; ഇക്കാര്യത്തിലുള്ള നിയമ വകുപ്പിന്റെ ഉപദേശം വെളിപ്പെടുത്തുമോ? | സി) | പ്ലാച്ചിമട സ്പെഷ്യൽ ട്രൈബ്യൂണൽ ബില്ലിലെ വിഷയം ഭരണഘടനയുടെ 253-ാം അനുച്ഛേദ പ്രകാരം പാർലമെന്റ് പാസ്സാക്കിയ 2010-ലെ ഗ്രീൻ ട്രൈബ്യൂണൽ ആക്ടിന്റെ പരിധിയിൽ വരുന്നതിനാൽ കേരള സംസ്ഥാന നിയമസഭയ്ക്ക് ഈ ബിൽ പുനരവതരിപ്പിക്കാൻ കഴിയില്ല എന്നാണ് നിയമോപദേശം ലഭിച്ചിട്ടുള്ളത്. പുതിയ നിയമനിർമ്മാണത്തിന്റെ സാദ്ധ്യത പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ